Registered No. M-4485

Madras War Review { MALAYALAM 4-2-1944

10 FEB 1946 MADRAS

# യുദ്ധസഞ്ചിക

(ലോകമഹായുദ്ധത്തിന്റെ ഒരു പ്രതിവാരചരിത്രസംക്ഷേപം)

വോള്യം III] 1944 ഫിബ്രവരി 4-ാംനു, വെള്ളിയാഴ്ച [ലക്കം 22



## നമ്മുടെ പട പുറപ്പെട്ടുകഴിഞ്ഞു

ഐക്യകക്ഷി രാജ്യങ്ങൾ മുന്നോട്ടു കയറിത്തല്ലുവാനാരംഭിച്ചിരിക്കുന്നു. ബ്രിട്ടൺ, ഇററലി എന്നീ പ്രദേശങ്ങളിൽനിന്നു് നമ്മുടെ വൈമാനികന്മാർ ജർമ്മനിക്കു് നേരോമരം അടിയും തുടങ്ങിയിരിക്കുന്നു. ലോകത്തിൽ പലേ ഭാഗങ്ങളിലും പീരങ്കികൾ, വിമാനങ്ങൾ, യുദ്ധോപകരണങ്ങൾ, എന്നുവേണ്ട നാനാതരത്തിലുള്ള പടക്കോപ്പുകളും ശേഖരിച്ചുവരികയും ചെയ്യുന്നു. ഇതെല്ലാം ജർമ്മനിയുടെ നേരെയുള്ളാക്രമണത്തിന്നു് ശക്തി കൂട്ടുവാനാണു്.

—ജനറൽ ജോർജ്ജ് മാർഷൽ, അമേരിക്കൻ സൈന്യ നായകൻ (ജനുവരി 31-ാം തിയ്യതി)

## വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| നമ്മുടെ പട പുറപ്പെട്ടുകഴിഞ്ഞു .. .. .. | 1 | പ്രത്യേക ലേഖനങ്ങൾ : രക്ഷ്യ, പ്രചാരവേല } .. .. .. .. | 5, 6 |
| യുദ്ധം ജയിക്കട്ടെ .. .. .. .. | 2 | പ്രതികാരം : കരിമ്പുഴ രാമകൃഷ്ണൻ .. .. | 7, 8 |
| പ്രതിവാര ചിന്തകൾ .. .. .. .. | 3, 4 | കഥാപംക്തി : കൊട്ടകാററു : ശാരദ .. .. | 9, 10 |


# യുദ്ധം ജയിക്കട്ടെ

(ശ്രീമാൻ പി. മാധവൻ നമ്പ്യാർ)

ഭൂമുഖത്തെവിടേയും കോളിളക്കവുമതിൻ-
ഭീകരനിനാദവും കേട്ടുനാമുഴലായ്ക.

ഭൂമിതന്നാദികാലം തൊട്ടിന്നുവരക്കുമായ്
ഭൂനിവാസികളനന്താഹവം നടത്തുന്നു

ജീവിതപ്പോരാട്ടമീ നരക്കു ചേർന്നതാണെ-
ന്നോർന്നുമോർത്തിടുമ്പോളെന്തിനു പരിഭ്രമം!

ഏതൊരുവിധേനയും പോരിഹനടത്തുന്ന-
താധിപൂണ്ടിരിക്കുന്ന ഭാരത ക്ഷമക്കാട്ടേ.

ജനിച്ചുമരിക്കും നാളിടക്കു പലവട്ടം
മനസ്സുവെച്ചു യുദ്ധംചെയ്തു നാം വളരുന്നു.

ഭാരതം പണ്ടേതന്നെയാഹവ വീരന്മാരെ
പാരിന്നു നല്കീട്ടുള്ള ചരിത്രം ബഹുവിധം

രജപുത്രരും, ബങ്കാളികളും, ധീരന്മാരാം
പടയിൽ മുമ്പരായ ദക്കിണാത്യരാം, ഭടർ,
രണധീര വീരന്മാർ പഞ്ചാബി, ഗൂർക്കന്മാരും,
പ്രചണ്ഡമഹാരാഷ്ട്ര വീരരും, സിക്കുകാരും
അണഞ്ഞു ചേർന്നുനില്ക്കും ഭാരതമാതാവേനി-
ന്നഗണ്യകക്ഷി ദേശം പരിപാവനം ദൃഢം.

ശത്രു വന്നണയുമ്പോൾ ശബ്ദമേയുണ്ടാക്കാതെ
മുക്കിൽ ചെന്നൊളിക്കുന്ന മാനുഷൻ ഭീരുവെന്നും.

ക്രിസ്തുദേവന്റെ ക്ഷമാശീലത്തിന്നുപദേശം-
മസ്തമപ്രായമിന്നു, കൈക്കൊൾവിൻ ദിവ്യാസ്ത്രങ്ങൾ.

ശാന്തജീവിതം ക്ഷമാശീലത്തിൻ നിദാനം താൻ
ശാന്തനായിരിക്കാമോ ശത്രു വന്നടുക്കുമ്പോൾ.

ഭാരതീയരേ! ഇന്നു യോദ്ധാക്കന്മാരെന്നുള്ള
പേരിനെ നിലനിർത്താൻ ചേരണം പട്ടാളത്തിൽ.

രാജ്യസേവനം രാജഭക്തിയെ നാമ്യമായ
യോജ്യകൃത്യങ്ങളെന്നും മായാത്ത മഹത്വങ്ങൾ.

ചേരുവിൻ പട്ടാളത്തിൽ ക്ഷാമത്തീ തട്ടാതെന്നും-
പേരുയർന്നീടും മഹത്തായിട്ടു മുദ്യോഗത്തിൽ
പട്ടിണിയിട്ടു നരകിച്ചു നാമുഴലാതെ
പട്ടിണി പാവങ്ങളായ്തീർക്കാതെ കുടുംബത്തെ.

യുക്തമാം ധനം വസ്ത്രമെന്നിവനല്കീടുന്ന-
സക്കാരിൻ വരുതിക്കു ജീവിതം നയിക്കേണം.

സത്യമായിന്നീയുദ്ധം നമുക്കു വിജ്ഞാനവും
നിത്യമായിരുന്നീടും പ്രാഭവം ധനമെല്ലാം
മുറക്കുനല്കീടുന്നു ചുറുക്കുകാട്ടി നാമും
മുറുക്കീടേണം വേഗമരയും തലയും നാം.

വെറുപ്പുകാട്ടിനിന്നാൽ ജീവിതദാവാനലൻ
വരുത്തീടുമേയറിയാതെ കണ്ടനുക്ഷണം.

യുദ്ധത്തിൽ ഭടന്മാരായ് ച്ചേർന്നു നാം പ്രയത്നിച്ചാൽ
വർദ്ധിച്ചീടുമേ മേന്മനാട്ടിന്നു വീരന്മാരേ.

എന്തിനുവലയുന്നു വിശന്നുവയറൊട്ടി,
ഹന്ത! മൃഷ്ടാന്നം ഗവർമ്മെണ്ടിഹ തന്നീടുമ്പോൾ.

ആവുന്ന വേല ചെയ്തു നാട്ടിനെ ശുശ്രൂഷിച്ചു
ആവുന്നവിധം ക്ഷേമോത്സുകരായ് വർത്തിച്ചാലും.

നാട്ടിനെ സേവിച്ചുടൻ നാട്ടുകജയശ്രീയും
വീട്ടിനെ പുലർത്തിയും ധീരരാംഭടന്മാരായ്.

വന്യസൂനത്തെപോലെ, മഹത്താംജീവിതത്തെ
അന്യഥാ വിമൂഢരായ് വെറുതേകളായ്കിൻ.

നാട്ടിൽ വാണിരിക്കിലോ മരിച്ചീടുന്നു നരൻ
നാട്ടിന്നുവേണ്ടിയടർ നടത്തിമൃതനായോൻ
വീട്ടിന്നു മെന്നുമല്ല നാട്ടിന്നും വൈജയന്തി-
നാട്ടിനാകലൊകത്തേക്കുയർന്നീടുന്നു സുഖം.

യന്ത്രമാമിരുപതാം യുഗത്തിൽ നരന്മാർക്കു
തന്ത്രമെങ്ങുമേ നാസ്തിയുദ്ധം ചെയ്യാതിരിപ്പാൻ.

ജയിച്ചീടുക പട്ടാളത്തിലും ചെന്നെല്ലാരും
ജയശ്രീമുഴക്കുക രാജ്യത്തിൻ ക്ഷേമത്തിനായ്.

ഭാരതക്ഷമയുടെ ശത്രുക്കളരണ്ടുണ്ടു
ഭീതരായോടീടട്ടെ പോരതിൻ മഹിമയാൽ
നാല്പതുകോടിജനം വസിക്കുമിന്ത്യാ രാജ്യം
നാല്പതുലക്ഷത്തോളം ഭടരെ സൃഷ്ടിക്കട്ടേ.

സഖ്യകക്ഷികൾ വിജയിക്കട്ടെ യീ യുദ്ധാന്ത്യത്തിൽ
മുഖ്യരാമിന്ത്യാരാജ്യ സന്താന സേവനത്താൽ.

# ബ്രിട്ടീഷ്–ജർമ്മൻ യുദ്ധം

## 231-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ചു

# പ്രതിവാരചിന്തകൾ

പണ്ഡിത ഹൃദയനാഥകുൻസ്രുവിന്റെ പ്രസ്താവനക്കു മദിരാശി ഗവമ്മേണ്ടു മറുവടി പറഞ്ഞിരിക്കുന്നു. 1943 ഡിസെമ്പർ മുതൽ രണ്ടു മാസത്തേക്കു പ്രതിമാസം മലബാറിലേക്കനുവദിച്ചിട്ടുണ്ടായിരുന്ന 14,000 തൻ അരി 10,000 തന്നാക്കിയതു ശരിയാണെന്നാണു് ഗവമ്മേണ്ടു് പറയുന്നതു്. ഇങ്ങിനെ കുറച്ചതിനാൽ ജില്ലയിൽ ഭക്ഷണത്തിന്റെ ക്ഷാമം

ഉപദ്രവിക്കുന്നതിനെക്കുറിച്ചു സവിസ്തരമായ ഒരു വിവരണം ബ്രിട്ടീഷു വിദേശകാൎയ്യമന്ത്രി പാർലിമെണ്ടു് സഭയിൽ നല്കുകയുണ്ടായി. ഉപദ്രവിക്കുകമാത്രമല്ല, അവരെ അവമാനിക്കുകയും, അവരുടെ സ്ത്രീകളെ മാനഭംഗംചെയ്കയും ചെയ്യുന്നുവത്രെ. ഈ സംഭവങ്ങൾ നടക്കാൻ തുടങ്ങിട്ടു് കുറച്ചുകാലമായിരിക്കുന്നുവെങ്കിലും ഇതേവരെ പുറത്തു വിടാതിരുന്നതു വല്ല



ഇന്ത്യൻ പട്ടാളക്കാർ ജർമ്മനിയിൽ യുദ്ധത്തടവുകാരായിരുന്ന കാലത്തു അവൎക്കു് റെഡ്ക്രോസ് സംഘം വഴിക്കു് വേണ്ടത്ര സഹായങ്ങൾ ലഭിച്ചു. ഈ സംഘക്കാരുടെ പരിശ്രമംകൊണ്ടു് കുറെ ഇന്ത്യക്കാരെ വിട്ടുകൊടുക്കുകയും ചെയ്തു. ഒരു ഇന്ത്യൻ പട്ടാളയുദ്ധത്തടവുകാരന്നു ഭക്ഷണപാർസൽ ഒരു സംഘക്കാരി കൊടുക്കുന്നതു്.

അധികമായിട്ടുണ്ടെന്നും കുറച്ചതു പണ്ടത്തെ സ്ഥിതി തന്നെയാക്കേണമെന്നുമാണു് കുൻസ്രുവിന്റെ ആക്ഷേപം. മലബാറിലേക്കു അരി കൊണ്ടുവന്നിരുന്ന പ്രദേശങ്ങളിൽതന്നെ കഷ്ടപ്പാടുകളുണ്ടായതാണു് കുറക്കുവാനുള്ള ഒരു കാരണം ഗവമ്മേണ്ടു് പറയുന്നതു്. ഇക്കാലത്തു മലബാറിൽ മകര വിളയുടെ കാലമാണെന്നുള്ള സംഗതിയാണു് രണ്ടാമത്തെ കാരണം. ഇങ്ങിനെയാണെങ്കിലും 1944 ജനവരിയിൽ 2,000 തൻ അധികം അരിയും, ഫിബ്രവരി മുതല്ക്കു പ്രതിമാസം 15,000 തൻ അരിയും തീച്ചയാക്കിയിരിക്കുന്നു. ഇനി മലബാറിൽ ഭക്ഷണത്തിന്നു ക്ഷാമം നേരിടുകയില്ലെന്നാണു് അധികൃതന്മാരുടെ പ്രതീക്ഷ.

*  *  *

ജാപ്പാൻകാരുടെ കൈവശം തടവുകാരായി പെട്ടിട്ടുള്ള അനേകായിരം ബ്രിട്ടീഷുകാരേയും ഇന്ത്യക്കാരേയും എത്രയോ നിഷ്ഠുരമായവിധം ജാപ്പാൻകാർ ബമ്മ, സിങ്കപ്പൂർ, ഹോങ്കോങ്ങ് മുതലായ സ്ഥലങ്ങളിൽ

വിധവും ജാപ്പാൻകാരുടെ രാക്ഷസബുദ്ധിക്കു ഒരു സമാധാനം വരുത്തുവാൻ സാധിച്ചുവെങ്കിൽ ആവട്ടെയെന്നു വെച്ചുമാത്രമായിരുന്നു. യുദ്ധകാൎയ്യത്തിൽ നിഷ്പക്ഷനയം ആചരിച്ചുവരുന്ന വിദേശ കോയ്മകളെ കൂടി ജാപ്പാൻകാർ നടത്തിപ്പോരുന്ന യുദ്ധത്തടവുകാരുടെ കേന്ദ്രങ്ങളിൽ സന്ദൎശിക്കുവാൻ സമ്മതിക്കുന്നില്ലത്രെ.

*  *  *

തനിക്കു ജമ്മനിയിൽ സൎവ്വാധിപത്യം കിട്ടിയതിന്റെ പതിനൊന്നാം വാൎഷിക ദിനം പ്രമാണിച്ചു് ഹിററ്ലർ ജനവരി 30-ാം തിയ്യതി ജമ്മൻ ജനതയോടു ഒരാകാശവാണി പ്രസംഗം ചെയ്തു. ജമ്മനിക്കു ഈ യുദ്ധത്തിൽ അതിശോഭനമായ ഒരു വിജയം ഉണ്ടാകുമെന്നാണു് പ്രസംഗത്തിന്റെ അടിസ്ഥാനമായ പ്രതീക്ഷ.

*  *  *

ഹിററ്ലറുടെ പ്രസംഗം ഒട്ടാകെ ഏതു തരത്തിലിരിക്കുന്നുവെന്നാണു് പറയേണ്ടതെന്നോ? പണ്ടു്

ഭുക്കുണ്ഡൻ എന്നൊരാളുണ്ടായിരുന്നുവത്രെ. ആയാളെ തൂക്കിക്കൊല്ലാനായി രാജാങ്കത്തിൽനിന്നു് കല്പനയാവുകയും, ഒഴിവാക്കാനായിട്ടുള്ള സർവ്വ അപ്പീലുകളിലും ആയാൾ തോല്ക്കുകയും ചെയ്തു. ഒടുവിൽ രാജാവിനോടു് നേരിട്ടു പറഞ്ഞതാണു്: അന്തകനിപ്പോൾ ഭകാരത്തിൽ കടന്നുകൂടിയിരിക്കുന്നു; അടിയൻ ഭുക്കുണ്ഡനാണു്; അങ്ങു് ഭൂപതിയുമാണു്; "ഭു" കഴിഞ്ഞാൽ പിന്നെ അന്തകൻ പിടിക്കുന്നതു് "ഭൂ"ആയിരിക്കും. അതിനാൽ ഭുക്കുണ്ഡൻ ജീവനോടുകൂടിയുള്ള കാലത്തോളം ഭൂപതിക്കു് പേടിക്കാനൊന്നുമില്ല. ഈ ന്യായത്തിന്മേൽ ഭുക്കുണ്ഡനെ വിട്ടയക്കാനുള്ള കല്പനയായിയത്രെ! ജർമ്മനി നിലനില്ക്കുന്ന കാലത്തോളം യൂറോപ്പിൽ റഷ്യയിലെ സ്ഥിതിസമത്വവാദികളേയും വിപ്ലവക്കാരേയും ആരും പേടിക്കേണ്ട; ജർമ്മനിക്കു് നാശം വരികയാണെങ്കിലൊ ബ്രിട്ടന്റെയും അമേരിക്കയുടേയും കൂടി സ്ഥിതിക്കു് ഹാനി വന്നേക്കാമെന്നാണു് ഹിററ്ലറുടെ ന്യായം. ഇതു് കേട്ടു് പേടിച്ചെങ്കിലും തമ്പുരാക്കന്മാർ തല്ലുന്നതു് മാററുമോ എന്നാണു് ഹിററ്ലർ ഇപ്പോൾ ചിന്തിക്കുന്നതു്.

## സ്പെയിൻ

"ശൊല്ലിശ്ശൊല്ലി അപ്പിടിയാച്ചു്", എന്നൊരു കഥയുണ്ടു്. സ്പെയിൻ നിഷ്പക്ഷനിലയിലാണിരിക്കുന്നതു്; യുദ്ധത്തിൽ ഇരുകക്ഷിയിലും ചേർന്നിട്ടില്ല; എന്നെല്ലാം ചില സംസാരങ്ങൾ കേൾക്കാമായിരുന്നുവെങ്കിലും യഥാർത്ഥസ്ഥിതി അറിഞ്ഞവർക്കു് സ്പെയിൻ ശത്രുപക്ഷത്തിലാണെന്നു് തുറന്നുപറവാൻ യാതൊരു മടിയും ഉണ്ടായിരുന്നില്ല. ഇപ്പോൾ സ്പെയിനിന്റെ നിഷ്പക്ഷതയുടെ സമ്പ്രദായം മുഴുവൻ പ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു. ഈ ഘട്ടത്തിലാണു് സ്പെയിൻ പറയുന്നതു്—നിങ്കളെല്ലാം ശൊല്ലിശ്ശൊല്ലി നാൻ ഇപ്പടിയാച്ചു്", എന്നു്. ഏതായാലും അമേരിക്കയിൽനിന്നു് ഒരു തുള്ളി പെട്രോൾ ടിന്നിന്റെ എണ്ണ ഇനി സ്പെയിനിനു ലഭിക്കില്ല. അമേരിക്ക ശങ്കിക്കുന്നതായ വല്ല കാര്യങ്ങളെക്കുറിച്ചും ചോദിക്കുന്ന യാതൊരു ചോദ്യങ്ങൾക്കും സ്പെയിൻ തക്കതായ സമാധാനം പറകയില്ല. ഇററലിയുടെ കപ്പലുകളെല്ലാം ഐക്യകക്ഷികൾക്കു് കീഴടങ്ങിയ സമയം സ്പെയിനിന്റെ തുറമുഖങ്ങളിൽ ചില ഇററാലിയൻ കപ്പലുകൾ നിന്നിരുന്നു. അവയെ ഒന്നും ഐക്യകക്ഷികൾക്കു് സ്പെയിൻ വിട്ടുകൊടുത്തിട്ടില്ല. യുദ്ധത്തിന്നു വേണ്ടതായ ചില ഉപകരണങ്ങൾ ഇന്നും സ്പെയിൻ ജർമ്മനിക്കയച്ചുകൊടുക്കുന്നു. സ്പെയിനിലും, സ്പെയിനിന്റെ അധീനത്തിലുള്ള മററു രാജ്യങ്ങളിലും ശത്രുപക്ഷക്കാരുടെ ഏജണ്ടുമാരെ ധാരാളം കാണുന്നുണ്ടു്. ഇതിന്നെല്ലാം പുറമെ സ്പെയിനിലും, സ്പെയിനിന്റെ അധീനത്തിലുള്ള മററു രാജ്യങ്ങളിലും ഐക്യകക്ഷികളുടെ നേരെ പ്രചാരവേല ചെയ്യേണ്ടതിന്നു് ഒരു ധനസഹായവും സ്പെയിൻ ജർമ്മനിക്കു് ചെയ്തുവരുന്നുണ്ടു്.



വടക്കൻ ആഫ്രിക്കയിൽ ഐക്യകക്ഷികൾക്കുണ്ടായ വിജയത്തിൽ അതിപ്രശസ്തമായ ഒരു പങ്കു് ഇന്ത്യൻ നാലാം പടക്കാണെന്നു് കേട്ടിട്ടുണ്ടല്ലൊ. ഈ നാലാം പടയിൽ പ്രധാനപ്പെട്ട ചിലർ ലണ്ടനിലേക്കു് പോകയും അവിടെവെച്ചു് അവർക്കു വളരെ സല്ക്കാരങ്ങൾ നടക്കുകയും ചെയ്തു. ലണ്ടനിലെ ഈസ്റ്റ് എൻറ് എന്നു പറയുന്ന പ്രദേശത്തു് അവർക്കുണ്ടായ സ്വീകരണത്തിന്റെ ഒരു ചിത്രമാണിതു്.

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഫിബ്രുവരി 4-ാംനു-, വെള്ളിയാഴ്ച

## റഷ്യ


ലെനിൻഗ്രാഡ് രംഗത്തിൽനിന്നു് ജൎമ്മൻസൈന്യങ്ങൾക്കു് ഇപ്പോൾ കിട്ടിവരുന്ന പരാജയംപോലെ ഇതേവരെ റഷ്യൻ യുദ്ധരംഗത്തിൽ മററാരു ഖണ്ഡത്തിലും അവൎക്കുണ്ടായിട്ടില്ല. ലെനിൻഗ്രാഡ് നഗരിക്കുള്ള ആപത്തൊഴിക്കുകയാണു് പെട്ടെന്നുള്ള ഉദ്ദേശമെങ്കിലും, അതെല്ലാം പരിശുദ്ധമായി നിറവേററിയെന്നുമാത്രമല്ല, ലയുബിൻ, ചുഡോവോ, നോവോസോക്കോൾനിക്കി മുതലായ പ്രധാന സ്ഥലങ്ങൾ റഷ്യക്കാരുടെ കൈവശം തിരികെ വന്നതോടുകൂടി ഈ പ്രദേശത്തുള്ള റെയിൽവെ ഗതാഗതങ്ങൾ മുഴുവനും ജൎമ്മൻകാൎക്കു് വിട്ടുപോകേണ്ടിവന്നു. ഇന്നെത്തെ വൎത്തമാനംകൊണ്ടു് റഷ്യൻ രംഗത്തിന്റെ വടക്കെ ഖണ്ഡത്തിൽനിന്നു് മുഴുവൻ ജൎമ്മൻസൈന്യം ഒഴിച്ചു് എസ്തോണിയാ രാജ്യത്തിലേക്കു് കടന്നപോലെ ഇരിക്കുന്നു. എസ്തോണിയയുടെയും റഷ്യയുടെയും അതൃത്തിപ്രദേശത്തു കിടക്കുന്ന കിങ്ങിസെപ്പു് എന്ന സ്ഥലം റഷ്യക്കാർ പിടിച്ചെടുത്തിരിക്കുന്നുവത്രെ. വടക്കെ ഖണ്ഡത്തിൽ റഷ്യൻസൈന്യം എസ്തോണിയയിലേക്കു് കടക്കാറായി; മദ്ധ്യഖണ്ഡത്തിൽ രണ്ടു വഴിയായി പോളണ്ടിലേക്കു് കടന്നുകഴിഞ്ഞു; തെക്കെ ഖണ്ഡത്തിൽ റുമേനിയായുടെ അതൃത്തിയിലും എത്തിയപോലെയാണിരിക്കുന്നതു്. കുറെ ജൎമ്മൻസൈന്യം എങ്ങോട്ടും പോകാൻ നിവൃത്തിയില്ലാതെ ക്രിമിയായിലും, നീപ്പർനദിയുടെ വക്രിച്ച പ്രദേശത്തും പെട്ടുകിടക്കയും ചെയ്യുന്നു. യുദ്ധം ഇപ്പോൾ ജൎമ്മന്റെ തടിക്കു് തട്ടുന്നു. ഇതേവരെ അതുണ്ടായിട്ടില്ല. ഇതിന്നു കാരണം ജൎമ്മൻസൈന്യത്തിന്നു് യുദ്ധവൈദഗ്ദ്ധ്യം കുറഞ്ഞിട്ടോ, യുദ്ധതന്ത്രമില്ലാഞ്ഞിട്ടോ, യുദ്ധോപകരണങ്ങളുടെ കുറവുകൊണ്ടോ ഒന്നുമല്ല. ഇതിലെല്ലാററിലും ഇക്കൊല്ലമായപ്പോഴേക്കും റഷ്യ മെച്ചം കൊണ്ടുപോയ്ക്കഴിഞ്ഞു എന്നുള്ള ഏക സംഗതിയാണു്. ഈ സംഗതി സംശയരഹിതമായി അറിവാനിടവരുന്നതുകൊണ്ടുതന്നെയാണു് ഇത്തവണ ഹിററ്ലരുടെ പ്രസംഗത്തിന്റെ ശ്രുതിയൊന്നു മാറിക്കാണുകയും ചെയ്യുന്നതു്. താൻ യൂറോപ്പിൽ വലിയൊരു തല്ലുകാരനാണെന്നാണു് ജൎമ്മൻകാരന്നെപ്പോഴും ഉള്ള ഒരഭിനയം. ഇക്കുറി പ്രത്യേകിച്ചും അനവധി ആളുകളെ തോല്പിച്ചു് പട്ടും വളയും വാങ്ങിയ ഘട്ടവുമായതിനാൽ തനിക്കൊരിണയില്ലെന്നായിരുന്നു ജൎമ്മൻകാരന്റെ പൂൎണ്ണവിശ്വാസം. റഷ്യയോടു പിടിക്കാൻ തുടങ്ങിയതിന്നുശേഷമാണു് വേറെയും ചില ആൺകുട്ടികളുണ്ടെന്നു് മനസ്സിലായതു്. അടുത്തു് ഹിററ്ലർ ചെയ്ത പ്രസംഗത്തിന്റെ അൎത്ഥം ഒന്നു മാത്രമെയുള്ളു! തല്ലുകൊണ്ടു് പല്ലു് കൊഴിയുന്നു; വേണ്ടതെന്താണെന്നു് വേഗം അറിയിക്കുവിൻ; എന്നു് ഐക്യകക്ഷികൾക്കു് ഒരു കമ്പിയാണു്.

---

## പ്രചാരവേല

പ്രചാരവേലയെ സംബന്ധിച്ചു് പലേ വിധത്തിലുള്ള ദുഷ്പ്രസ്താവനകളും ചില കുസൃതിക്കാർ പറഞ്ഞുണ്ടാക്കുന്നതിനെ പരിഹരിപ്പാൻ വേണ്ടിയാണു കഴിഞ്ഞ ലക്കം പത്രാധിപപംക്തികളിൽ ഈ വേലയുടെ യഥാൎത്ഥ സ്വഭാവത്തെപ്പററി സുദീൎഘം പ്രതിപാദിച്ചതു്. കേരളസമുദായത്തിന്റെ വൎത്തമാനവും, ഭാവിയും ഒരുപോലെ അന്ധകാരമയമായി കാണപ്പെടുന്ന ഒരു ഘട്ടമാണിതു്. ഈ ഘട്ടത്തിൽ മനസ്സിന്നു് സമാധാനം വരുത്തക്കതായ ഒരു ചെറിയ വെളിച്ചം ഒരു ചിന്തകൻ, അല്ലെങ്കിൽ അനവധി ചിന്തകന്മാർകൂടി, മനോദൃഷ്ടികൊണ്ടു കണ്ടെത്തുന്നു. അതുകൊണ്ടു വൎത്തമാനവും, ഭാവിയും ക്ലേശരഹിതമാക്കിത്തീൎപ്പാൻ സാധിക്കുമെന്നു അവർ വിശ്വസിക്കുന്നു; അതു സമുദായത്തേയും വിശ്വസിപ്പിക്കാൻ തുനിയുന്നു. ഇതാണു് പ്രചാരവേല. ബ്രഹ്മപ്രളയകാലത്തു ജഗത്തു് മുഴുവൻ ജലത്തിൽ മുങ്ങിക്കിടക്കുമ്പോൾ ബ്രഹ്മാവിന്നു് "തപ, തപ" എന്നശരീരി കേട്ടതിനെയല്ലെ ഇന്നും യഥാൎത്ഥ ജ്ഞാനത്തിന്റെ കാതലായി കരുതിയിരിക്കുന്നതു്? ബ്രഹ്മാവന്നു് കേട്ടതു് നമുക്കറിവനിടവരേണമെങ്കിൽ പ്രചാരവേലകൊണ്ടല്ലാതെ മറെറന്തുകൊണ്ടാണു് സാദ്ധ്യമാവുന്നതു്? ഏററവും മഹത്തായ ജ്ഞാനമാൎഗ്ഗത്തിന്നുകൂടി പ്രചാരവേലയുടെ സഹായമില്ലാതെ കഴികയില്ലെന്നുവരികിൽ, ഒരു സമുദായത്തിലുള്ളവർ ഒത്തുകൂടി ചെയ്യേണ്ടതായ ഒരു ലൌകിക കാൎയ്യത്തിൽ പറവാനുണ്ടോ? പ്രചാരവേലയുടെ യഥാൎത്ഥം ഇങ്ങിനെയിരിക്കെ, അതു വെറും നുണപറയുന്ന ഒരു പ്രസ്ഥാനമാണെന്നും മററും ഒരു കൂസലും കൂടാതെ പറഞ്ഞുണ്ടാക്കുന്നവരെപ്പററിയെന്താണു് പറയേണ്ടതു്? പ്രചാരവേലക്കു മറെറാരുവശവും കൂടിയുണ്ടെന്നുള്ള സംഗതി നാം മറക്കേണ്ടാ. പൊതുജനാധിപത്യഭരണവ്യവസ്ഥയിൽ ഭരണകൎത്താക്കന്മാ

ളുടെ പ്രവൃത്തികളെ സംബന്ധിച്ച് ഭരണീയ ജനങ്ങൾക്കു പൂർണ്ണമായ ഒരു പരിചയം ലഭിക്കാനുള്ള ഉത്തമമാർഗ്ഗമാണ് പ്രചാരവേല. ഈ നിലക്കു പ്രചാരവേലക്കു വിദ്യാഭ്യാസപരമായ ഒരു കർത്തവ്യവും കൂടിയുണ്ട്. പൊതുജനാധിപത്യഭരണത്തിൽ പൊതുജനങ്ങളാകട്ടെ, അവരുടെ പ്രതിനിധികളാകട്ടെ ഭരിക്കുന്നില്ല. ഭരണാധികാരം എപ്പോഴും എത്രയൊ ചുരുങ്ങിയ ഒരു കൂട്ടം ആളുകളുടെ കൈവശം തന്നെ സ്ഥിതിചെയ്വാൻ വഴിയുള്ളു. ഏററവും വമ്പിച്ച പൊതുജനാധിപത്യ ഭരണമുള്ള അമേരിക്കയിൽ കൂടി ഇന്നു യുദ്ധകാര്യം മുഴുവൻ പ്രസിഡെണ്ടു റൂസ്‌വെൽട്ടിൻെറ കയ്വശമല്ലെ ഇരിക്കുന്നതു്? എന്നാൽ ഭരണാധികാരികൾ എടുക്കുന്ന ഓരോ നടവടിയുടെയും ഗുണദോഷം പൊതുജനങ്ങളെ അപ്പാപ്പോൾ മനസ്സിലാക്കിക്കൊടുക്കേണ്ടതു് ഭരണാധികാരികളുടെ ചുമതലയാണ്. ഇതുപോലെത്തന്നെ ഭരണകാര്യത്തിൽ സജീവമായ ഒരു പ്രതിപത്തി താന്താങ്ങളിൽ ഉളവാക്കേണ്ടതു് ഓരോ പൌരൻെറയും ചുമതലയുമാണ്. ഈ രണ്ടു കാര്യങ്ങളും നിർവ്വഹിക്കുന്നതു് പ്രചാരവേലകൊണ്ടാണുതാനും. ഇതിലൊന്നും നന്നെ ഉപയോഗിപ്പാൻ വളരെ സൌകര്യമില്ലെന്നു് കാര്യത്തിൻെറ ഗുണദോഷം അറിയുന്നവക്കെല്ലാം എളുപ്പത്തിൽ മനസ്സിലാക്കാം. ദേശീയ സമരനിര നിര ചെയ്യുന്ന പ്രവൃത്തിയെന്താണെന്നു് ഇനിയെങ്കിലും ജനങ്ങൾ വേണ്ടപോലെ ധരിച്ചാൽ തരക്കേടില്ല.



ഇററലിയിൽ ഐക്യകക്ഷി സൈന്യങ്ങൾക്കു ലഭിച്ചുവരുന്ന പുരോഗതിയിൽ വിമാന സൈന്യം എടുക്കുന്ന പങ്കു ചില്ലറയല്ല. ഈ ചിത്രം ഒരു ജർമ്മൻ സൈന്യവണ്ടിയെ ഐക്യകക്ഷികളുടെ വിമാനാക്രമണം കൊണ്ടു് നശിപ്പിച്ചതിൻെറതാകുന്നു.

# പ്രതികാരം

(രാജസ്ഥാന ചരിത്രത്തിലെ ഒരു സംഭവത്തെ ആധാരമാക്കിയെഴുതിയതു്)

(ശ്രീമാൻ കരിമ്പുഴ രാമകൃഷ്ണൻ)



ശ്രീമാൻ കരിമ്പുഴ രാമകൃഷ്ണൻ

## രംഗം I

[സ്ഥലം: മേവാറിലെ പർവ്വതനിരകളുടെ മുകൾപ്പരപ്പിലുള്ള ഒരു ദേശം. നേരം ഉച്ചതിരിഞ്ഞു. നാട്ടുവാഴിയായ ജഗമല്ലൻ അഹേരിയോത്സവം* കഴിഞ്ഞു് തിരിച്ചുവന്നു് സദസ്സിൽ അനന്തിരവനോടും അനുചരന്മാരോടും കൂടി ആസനസ്ഥനായിരിക്കുന്നു.]

ജഗമല്ലൻ: ഹേ ദൈവജ്ഞൻ! നവവർഷത്തെ സംബന്ധിച്ചുള്ള ദീർഘദർശനങ്ങൾ കേൾക്കട്ടെ.

ദൈവജ്ഞൻ: പ്രഭോ! ഈ കൊല്ലം അവിടത്തെ പവിത്രവംശത്തിന്റെ ചരിത്രത്തിൽ കനകലിപികളാൽ കുറിക്കപ്പെടും. ഈ വർഷത്തിൽ നമുക്കു് അഭൂതപൂർവ്വമായ വിജയവും കീർത്തിയും ലഭിക്കാൻ പോകുന്നു. (പ്രഭുവിന്റെ അരികെ അമ്പരന്നുനില്ക്കുന്ന ഒരു മാൻപേടയെ ചൂണ്ടിക്കാണിച്ചുകൊണ്ടു്) അം കൊഴുക്കുന്ന ഈ കനകമൃഗത്തെ അമ്പേല്പിക്കാതെ നമുക്കു പിടിപ്പാൻ കഴിഞ്ഞതു് വരുവാനിരിക്കുന്ന ഒരു മഹാമംഗളത്തെയാണു് സൂചിപ്പിക്കുന്നതു്. രാജസ്ഥാനത്തിലെ സുപ്രസിദ്ധ രാജവംശങ്ങളിൽ ഒന്നിൽപ്പിറന്ന ഒരു മാൻകണ്ണി അവിടത്തെ അന്തഃപുരത്തെ അല്പനാളിൽ അലങ്കരിക്കും.

ജഗമല്ലൻ: പണ്ഡിതോത്തമ! അവിടത്തെ വാക്കുകൾ എന്നെ എന്തെന്നില്ലാതെ ആനന്ദിപ്പിക്കുന്നു. പരദേവതയായ വിജയസേനിയുടെ അനുഗ്രഹമുണ്ടാവാൻ നമുക്കു പ്രാർത്ഥിക്കാം (ദൈവജ്ഞനു കൊടുക്കുവാൻ സമ്മാനങ്ങൾ എടുക്കുന്നു.)

ദൈവജ്ഞൻ: പ്രഭോ!

ജഗമല്ലൻ: എന്താണു്? ഇനിയും വല്ലതും പറവാനുണ്ടോ? എന്തിനാണു് സംശയിക്കുന്നതു്? അശുഭഫലമായിരിക്കാമല്ലെ. സംശയിക്കാതെ പറയാമല്ലോ.

ദൈവജ്ഞൻ: അടുത്തുതന്നെ അങ്ങേക്കു് ഒരു വലിയ ആപത്തു നേരിടുവാൻ പോകുന്നു. ഒരു തിങ്കൾ തികയുന്നതിന്നുമുമ്പു് അങ്ങയുടെ കൈകൊണ്ടു് ഉദകക്രിയ ചെയ്യേണ്ടിവരും.

(എല്ലാവരും ഭയശോകാത്ഭുതങ്ങളോടെ †വീരപാലന്റെ സുന്ദരവദനത്തെ ഉററുനോക്കുന്നു. അതിൽ വീരോചിതമായ പുഞ്ചിരിപരക്കുന്നു.)

ജഗമല്ലൻ: പണ്ഡിതാ! ഈ ദീർഘദർശനം എന്നെ അസ്വസ്ഥനാക്കുന്നു. എന്റെ വ്യഥിതഹൃദയത്തിൽ പല ഊഹങ്ങളും പൊങ്ങുന്നു. ഈ വിഷയത്തെപ്പററി സവിസ്തരമായി ഉപന്യസിക്കുക.

ദൈവജ്ഞൻ: പ്രഭോ! ശകുനങ്ങളെ ആധാരമാക്കി അറിയാവുന്നതു് അടിയൻ പറഞ്ഞുകഴിഞ്ഞു.

ജഗമല്ലൻ: (ഉൽകണ്ഠയോടെ) ഈ അത്യാഹിതത്തെ തടഞ്ഞുകൂടെ?

ദൈവജ്ഞൻ: വിധിയുടെ വിളയാട്ടം അലംഘനിയമാണു്.

(ജഗമല്ലൻ അല്പനേരം നിരാശയിൽ മുഴുകിയപോലെ നില്ക്കുന്നു. പിന്നെ ഉചിതമായ സമ്മാനങ്ങൾ കൊടുത്തു് ദൈവജ്ഞനെ സന്തോഷിപ്പിച്ചു് യാത്രയാക്കുന്നു. മറുഭാഗത്തുകൂടെ ഒരു ചാരണൻ ഹാരവതി വംശത്തിന്റെ അപദാനങ്ങൾ പാടിക്കൊണ്ടു് പ്രവേശിക്കുന്നു.)

ജഗമല്ലൻ: കവികോകിലമേ! വന്നാലും. കണ്ടിട്ടു് നാളെത്രയായി. ഇത്ര കാലവും എവിടെയായിരുന്നു?

ചാരണൻ: കോകിലങ്ങൾ ഒരിടത്തിരിക്കാനല്ല, വിഹായസ്സിന്റെ വിശാലതയിൽ സ്വച്ഛന്ദം വിഹരിക്കുവാനാണല്ലോ ഇഷ്ടപ്പെടുന്നതു്. നവവർഷം പിറക്കുന്ന ഈ സുദിനത്തിൽ വിരോത്തംസമായ അങ്ങയെ ദർശിക്കുവാൻ ഞാൻ വളരെ ദൂരത്തുനിന്നു് വരികയാണു്.

ജഗമല്ലൻ: വളരെ സന്തോഷം! അവിടത്തെ ആഗ്രഹമെന്തെന്നറിയിച്ചാലും. കവിപൂജയിൽ ഞങ്ങളുടെ വംശക്കാർ ഉദാസീനരല്ലെന്നറിയാമല്ലൊ

ചാരണൻ: അറിയും അതുകൊണ്ടുതന്നെയാണു് അസാധാരണമായ ഒരു അപേക്ഷയുംകൊണ്ടു് ഞാൻ ഇവിടെ വരുവാൻ ധൈര്യപ്പെടുന്നതു്.

ജഗമല്ലൻ: അഭിലാഷം അറിയിച്ചാലും

ചാരണൻ: അവിടത്തെ ‡ഉഷ്ണീഷമാണു് എന്റെ കാമപാത്രം.

ജഗമല്ലൻ: (അത്ഭുതത്തോടെ) എന്തു്! കവിരത്നമേ! ഈ പഴന്തുണിയാണോ വർഷം പിറക്കുന്ന സുദിനത്തിൽ ബഹുമാന്യനായ അങ്ങേക്കു് തരേണ്ടതു്? എന്നെ അവമാനിക്കരുതേ!

ചാരണൻ: ഞാനിഷ്ടപ്പെടുന്നതു് അതു മാത്രമാണു്.

ജഗമല്ലൻ: രാജസ്ഥാനത്തിലെ കവിസാമ്രാട്ടിന്നു് പഴന്തുണി ദാനം ചെയ്തു കൊടുത്തുവെന്ന അപകീർത്തിക്കു് ഞാൻ പാത്രമാകേണമെന്നു് അങ്ങു് ആഗ്രഹിക്കുമോ?

---

* രാജസ്ഥാനത്തിലെ പ്രധാനോത്സവങ്ങളിൽ ഒന്നാകുന്നു അഹേരിയാ. അന്നു് എല്ലാ രാജപുത്രരും നായാട്ടിന്നു പോകുന്നു. നായാട്ടിലുണ്ടാകുന്ന ജയാപജയങ്ങൾ നവവർഷഫലങ്ങളെ സൂചിപ്പിക്കുന്നുവെന്നാണു് അവരുടെ വിശ്വാസം

† ജഗമല്ലന്റെ അനന്തിരവൻ.

‡ തലപ്പാവു്.

ചാരണൻ : രാജാവേ! ഞാൻ അപേക്ഷിക്കുന്നു. അങ്ങു തരുന്നു. ഇതിൽ എന്തവമാനമാണ്. ഇഷ്ടമുണ്ടെങ്കിൽ തരിക. അല്ലെങ്കിൽ ഞാനിതാ വെറുംകൈയോടെ തിരിച്ചുപോകുന്നു.

(ജഗമല്ലൻ ഉഷ്ണീഷമെടുത്തു് കവിയുടെ ശിരസ്സിൽ അണിയിക്കുന്നു. അദ്ദേഹം രാജാവിൻെറ കീർത്തിയെ വാഴ്ത്തിപ്പാടിക്കൊണ്ടു് രംഗം വിടുന്നു.)

(തിരശ്ശീല.)

---

## രംഗം II

[സ്ഥലം : ഹാരവതിയിലെ പ്രഭുവിൻെറ കൊട്ടാരം. നിശയുടെ നിശ്ശബ്ദത. ഗോപുരദ്വാരത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള വിജയദേവിയുടെ വിഗ്രഹത്തിന്നുമുമ്പിൽ ആജാനുബാഹുവായ വീരപാലൻ കൈകൂപ്പിക്കൊണ്ടു നില്ക്കുന്നു.]

വീരപാലൻ : അമ്മേ! പരദേവതേ! പാദങ്ങൾ പണിയുന്ന എന്നെ തൃക്കൺപാർത്തരുളേണമേ. അമ്മയുടെ അനുഗ്രഹത്താൽ വീരപുരുഷന്മാരുടെ വംശത്തിൽ ഞാൻ പിറന്നു. വീരനെപ്പോലെ ജീവിക്കുവാനും മരിക്കുവാനും എനിക്കു വരമരുളേണമേ. ക്ഷത്രിയർക്കു ചേർന്നവിധം ധർമ്മരക്ഷണത്തിന്നും അധർമ്മധ്വംസനത്തിന്നും വേണ്ടിയുള്ള അടരിൽ, വീട്ടിൻെറയും നാട്ടിൻെറയും മാനം പുലർത്താനുള്ള പോരിൽ, ഈ ഭൗതികശരീരം വെടിഞ്ഞു് യശശ്ശരീരനാകാൻ എനിക്കിടയാകേണമേ! രോഗശയ്യയിൽ കാലൻെറ വരവും കാത്തുകിടക്കുന്ന അതിവശോച്യമായ ആ അന്ത്യം എനിക്കു വരരുതേ! വരരുതേ! ആയുധങ്ങളുടെ ഝണഝണൽക്കാരവും, അശ്വങ്ങളുടെ ഹേഷികളും, ആനകളുടെ ഉരമ്പലുകളും, പോരാളികളുടെ വീരവാദങ്ങളും, ഭേരികളുടെ ഭൈരവാരവവും മുഴങ്ങുന്ന പോർക്കളത്തിൽ കിടന്നു മരിക്കുവാൻ എനിക്കു് വരമരുളേണമേ! വാൾത്തഴമ്പേഴുന്ന ഈ പാണി പരിഘങ്ങളാൽ ആരുടെ മുമ്പിലും വായ്പൊത്തി നില്ക്കുവാൻ ഇടയാക്കരുതേ! ചുററുമുള്ള ഗിരിശിഖരങ്ങൾപോലെ ഇതുനാൾവരെയും സഗർവ്വം ഉയർന്നുനിന്നിട്ടുള്ള ഈ ശിരസ്സു് അവിടത്തെ മുമ്പിലല്ലാതെ മററെങ്ങും കുനിയാൻ സംഗതി വരുത്തരുതേ! ജീവരക്തത്തിൻെറ ഒടുവിലത്തെ കണികകൂടി പോർക്കളത്തിൽ ഇററുവീണിട്ടു വേണമേ ഈ മൺകുടം തകർന്നുപോകുവാൻ. അല്ലാതെ മരണത്തിൻെറ തണുത്ത കരങ്ങൾ തട്ടി എൻെറ ചെഞ്ചോര ഈ പാത്രത്തിൽത്തന്നെ കട്ടപ്പിടിച്ചുപോകരുതേ! (നമസ്കരിക്കുന്നു.)

അശരീരി : മകനെ! നിൻെറ കീർത്തി ആചന്ദ്രതാരം ലോകത്തിൻെറ കണ്ണുകളിൽ മാറെറാലിക്കൊള്ളും. നീ അജയ്യപരാക്രമനാണു്. എന്നാൽ ഒരു കാര്യം ഓർമ്മയിരിയ്ക്കട്ടെ. കഴുത്തു നിനക്കു് മർമ്മമാണു്.

(വീരപാലൻ എഴുന്നേററു് നാലുപാടും നോക്കുന്നു. ആരേയും കാണാതെ അത്ഭുതപ്പെടുന്നു. വീണ്ടും ദണ്ഡനമസ്കാരം ചെയ്തശേഷം പോകുന്നു.)

(തിരശ്ശീല)

---

## രംഗം III

[സ്ഥലം : മാർവാറിൻെറ തലസ്ഥാനമായ മണ്ഡോരം. മാർവാറിലെ മഹാരാജാവിൻെറ മന്ത്രമണ്ഡപത്തിന്നു മുന്നിലുള്ള വിശാലമായ തളത്തിൽ ചാരണൻ നില്ക്കുന്നു.]

ചാരണൻ : ഈ അമൂല്യനിധി കൈയിൽ കിട്ടി. ഇനി എൻെറ ഉപായം ഫലിയ്ക്കുമെന്നു തോന്നുന്നു. ഹാരവതി വംശക്കാർ മേവാറിലെ പർവ്വതങ്ങളുടെ മുകൾപ്പരപ്പിലുള്ള ഒരു ചെറിയ ദേശത്തിന്നുമാത്രം അധിപതികളായിരിയ്ക്കാം. എങ്കിലും അവരോടു കിടപിടിപ്പാനുള്ള വീരസിംഹങ്ങൾ രാജസ്ഥാനത്തിൽ ഒരു കാലത്തുമുണ്ടായിട്ടില്ല. മേവാറിലെ റാണാവും മാർവാറിലെ മഹാരാജാവും അവർക്കു സമപദവിയാണു നല്കീട്ടുള്ളതു്. എന്നാൽ ഈ നില അടുത്തുതന്നെ മാറിപ്പോകാനുള്ള ലക്ഷണങ്ങളെല്ലാം കാണുന്നു. സമപദവിയിൽനിന്നു സാമന്തപദവിയിലേയ്ക്കു ഹാരവതി താണുപോകുമെന്നു കുറെനാളായി എൻെറ മനസ്സു് ശങ്കിക്കുന്നു. അതു ഞാൻ സമ്മതിയ്ക്കുകയില്ല. ഹാരവതി വംശത്തിൻെറ കെടാൻ പോകുന്ന പ്രതാപാഗ്നിയെ ഞാൻ ഊതിപ്പിടിപ്പിയ്ക്കും. മാർവാറിലെ മഹാരാജാവു വീരപുരുഷനാണെന്നു് എനിയ്ക്കറിയാം. ഈ തീമുട്ടികളെ കൂട്ടി ഉരയ്ക്കുകതന്നെ.

(തിരശ്ശീല പൊങ്ങുന്നു)

(മാർവാറിലെ മഹാരാജാവു സദസ്യരോടുകൂടെ ആസനസ്ഥനായി പ്രവേശിയ്ക്കുന്നു. ചാരണൻ തലപ്പാവു കയ്യിലെടുത്തു രാജാവിന്നു മുമ്പിൽ തലകുനിയ്ക്കുന്നു.)

മാർവാർ മഹാരാജാവു : (അത്ഭുതത്തോടെ) ഇതെന്താണു് ? നഗ്നശിരസ്കനായി അങ്ങു് നമ്മുടെ മുമ്പിൽ വരുന്നതു് ! കവികൾ പൂജ്യരാണെങ്കിലും സമുദായാചാരത്തെ ലംഘിയ്ക്കുന്നവർ ദണ്ഡനീയരാണെന്നു ഭവാന്നു് അറിയാമല്ലോ.

ചാരണൻ : അറിയാം. മഹാരാജാവേ! അറിയാം.

മഹാരാജാവു : പിന്നെ എന്താണു് അങ്ങു ഉഷ്ണീഷമെടുത്തു തലകുനിച്ചതു് ?

ചാരണൻ : ദേവൻ! ഈ ശിരസ്സു് അങ്ങയുടെ മുമ്പിൽ കുനിയേണ്ടതാണു്. എന്നാൽ ഈ തലപ്പാവു് അങ്ങനെയുള്ളതല്ല. ഇതു ഹാരവതിയിലെ പ്രഭുവിൻെറ ശിരോലങ്കാരമാണു്.

മഹാരാജാവു : (കോപത്തോടെ) ഗിരിഗുഹകളിൽ പാർക്കുന്ന ഏതാനും കാട്ടാളന്മാർക്കധിപതിയായ ഹാരവതിയിലെ വനചരൻെറ തലപ്പാവു മാർവാർ മഹാരാജാവിൻെറ മുമ്പിൽ കുനിയ്ക്കുവാൻ പാടില്ല, അല്ലേ ?

ചാരണൻ : മഹാരാജാവേ! ഹാരവതി വംശക്കാർ വനചരന്മാർ തന്നെ. എന്നാൽ ചെഞ്ചോരകൊണ്ടു് അവരുടെ വീരകർമ്മങ്ങൾ കുറിയ്ക്കപ്പെട്ടിട്ടില്ലാത്ത പ്രദേശം ഈ രാജസ്ഥാനത്തിൽ എവിടെയുണ്ടു് ?

രാജാവു് : മതി, മതി. ധിക്കാരം. (ചാരണൻെറ കൈയിലുള്ള തലപ്പാവു് വലിച്ചെടുത്തു താഴത്തിട്ടു ചവിട്ടുന്നു. രാജമാതാവു് പ്രവേശിയ്ക്കുന്നു.)

രാജമാതാവു് : ഛീ! മകനെ! എന്താണു് ചെയ്തതു് ? സാഹസം! മഹാസാഹസം! തലപ്പാവു തിരിച്ചുകൊടുക്കു.

(ചാരണൻ തലപ്പാവു് കൈയിലെടുത്തു്) മഹാരാജാവേ! ഈ സാഹസത്തിനു് അങ്ങു സമാധാനം പറയേണ്ടിവരും. ഒരുങ്ങിയിരുന്നു കൊള്ളുക.

രാജാവു് : അങ്ങനെയാകട്ടെ. നിങ്ങളുടെ യജമാനൻ നമ്മുടെ രാജ്യത്തിലെ ഏതേതു ദേശങ്ങൾ കടന്നുവരുന്നുവോ അതാതു ദേശങ്ങൾ ബ്രാഹ്മണർക്കു ഞാൻ ദാനം ചെയ്യും. പോവൂ. വേഗം പ്രഭുവിനെ കൂട്ടിക്കൊണ്ടുവരു.

രാജമാതാവു് : ഹാ! നീ ഇത്ര അവിവേകിയായിപ്പോയല്ലോ. (പോകുന്നു.)

ചാരണൻ : എന്നാൽ ഞാൻ പോയ്വരട്ടെ. അടുത്തുതന്നെ നമുക്കു് വീണ്ടും കാണാറാകും. (പോകുന്നു.)

(തിരശ്ശീല.)

(തുടരും)


# മദിരാശിക്കാരുടെ ദയാബുദ്ധി

സേർ സ്റ്റാഫോർഡ് ക്രിപ്പ്സ് മദിരാശി ഗവണ്ണരവർകൾക്കു ജനവരി 8-ാം തിയ്യതി ഒരു കമ്പി അയച്ചതിൻെറ സാരം താഴെ പറയുംപ്രകാരമാണു് :—

പിന്നേയും 1,850 പവൻ അയച്ചതു് നന്ദിപൂർവ്വം സ്വീകരിക്കുന്നു. യുദ്ധരംഗങ്ങളിൽ പോയി വിക്രമം കാട്ടുന്ന വിമാനസേനയെ രൂപീകരിക്കുന്നതിൽ മദിരാശിക്കാർ പ്രശസ്തമായ സഹായം ഞങ്ങൾക്കു് നൽകീട്ടുണ്ടു്.

കഥാപംക്തി

# കൊടുങ്കാറ്റ്

## ശാരദ

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നു മാത്രം)

(തുടർച്ച)

[രാമകൃഷ്ണനും കുമാരനും തന്റെ സ്വകാര്യവർത്തമാനങ്ങൾ അറിവാനിടവന്നതിനാൽ മാധവൻ കോഴിക്കോടു വിട്ടു രാധയോടൊന്നിച്ചു സ്വദേശത്തേക്കു പോകാൻ തീർച്ചപ്പെടുത്തി. ഇതോടുകൂടി മാധവന്റെ വൈരാഗ്യത്തിന്റെ പിരിക്ക് മുറുക്കം വെച്ചുതുടങ്ങി. എന്നാൽ അതുകൊണ്ടായില്ല. രാധയെ എന്തു ചെയ്യും? ക്രമേണ രാധയുടെ കാര്യത്തിലും വൈരാഗ്യം വന്നുചേരുവാനിടവരുന്നു. ഈ വിധം വൈരാഗ്യം പരമകാഷ്ഠയെ പ്രാപിക്കുന്നതോടുകൂടി ജീവിതം വിജയപ്രദമാക്കേണ്ടതിന്നു മാധവനിൽ ശൂന്യമായിരുന്ന ചൈതന്യം പ്രകാശിക്കുന്നു. മാധവൻ പട്ടാളത്തിൽ പോയി ചേരുന്നു. അവിടെവെച്ചു തന്റെ ജീവിതത്തിലെ അന്ധകാരങ്ങളെല്ലാം നീങ്ങുന്നു.]

XIII

രാമകൃഷ്ണനും കുമാരനും മടങ്ങിവരുന്നതു് കാത്തുകൊണ്ടിരിക്കയായിരുന്നു കുറുപ്പ്. അവർ മടങ്ങിവരുന്ന സമയം മാലതിയുടെ വിവാഹത്തിന്നു് ശുഭപ്രദമായ വല്ല വർത്തമാനങ്ങളും കൊണ്ടുവരാതിരിക്കയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. ഈവിധം മനോരാജ്യത്തു കോട്ട കെട്ടിക്കൊണ്ടിരിക്കുമ്പോൾ രാമകൃഷ്ണനും കുമാരനും വന്നു കയറി.

കുറുപ്പ്: എന്താ മാധവനെ കണ്ടുവോ? കാര്യങ്ങൾ വല്ലതും മനസ്സിലാക്കാൻ കഴിഞ്ഞുവോ?

രാമകൃഷ്ണൻ: കഷ്ടം; അച്ഛനും മാലതിയുംകൂടി ഈ കൊശവന്റെ കാര്യം ഇത്ര കമ്പ് കടത്തിവെക്കുന്നവരെ മിണ്ടാതിരുന്നുവെല്ലൊ?

കുറുപ്പ്: നീയെന്താണെടോ എന്നോടു മേക്കട്ടു കയറുന്നതു്? മാധവൻ വലിയ വമ്പനാണു്, കൊമ്പനാണു് എന്നും മറ്റും പറഞ്ഞു നീയല്ലെ അവനെ ഈ തറവാട്ടിലേക്കു കടത്തിവിട്ടതു്? നിന്റെ സ്നേഹിതന്റെ നിലക്കു ഞങ്ങൾ അവനെ വിശ്വസിച്ചുവെന്നല്ലാതെ, ഞങ്ങൾക്കവനെ സംബന്ധിച്ചു നീ മുഖാന്തരമുള്ള വിവരമല്ലാതെ, മറ്റെന്താണുള്ളതു്? നീ പരിചയപ്പെടുത്തിയതിന്നുശേഷം ഞങ്ങൾക്കു മാധവനെ വെറുക്കത്തക്ക യാതൊരു സംഭവങ്ങളും ഉണ്ടായിട്ടില്ലെന്നു് മാത്രം.

രാമകൃഷ്ണൻ: മാധവൻ അവന്റെ അച്ഛന്റെകൂടെ നാട്ടിലേക്കു പോയി മടങ്ങിവരുവാൻ താമസിച്ചതും, പോയകാലങ്ങളിൽ നമുക്കു യാതൊരു വർത്തമാനങ്ങളും അറിയിക്കാത്തതും, വന്നതിന്നു ശേഷം നമ്മെ ഒഴിച്ചുമാറി കുറച്ചു കാലം കോഴിക്കോട്ടു താമസിച്ചതും മറ്റും അച്ഛനും മാലതിക്കും യാതൊരു ശങ്കയും മാധവനെപ്പറ്റി ജനിപ്പിച്ചില്ലെ?

കുറുപ്പ്: എന്തു് ശങ്ക ജനിപ്പിക്കാനാണു്? അവന്റെ അച്ഛൻ മരിച്ചു കുറച്ചുകാലം ഗൃഹചാരങ്ങളിൽ പെട്ടുഴലേണ്ടിവന്നതിനാൽ നമുക്കു എഴുത്തുകൾ ഒന്നും അവൻ അയച്ചില്ല. ഇതിലെല്ലാം ശങ്കിക്കാനുള്ള വിഷയമെവിടെയാണെടോ?

രാമകൃഷ്ണൻ: അച്ഛനോടും മാലതിയോടും മാധവനെപ്പറ്റി എന്തു പറഞ്ഞിട്ടും ഫലമില്ലെന്നെനിക്കറിയാം. എന്നാൽ ഇനിയെങ്കിലും ഒന്നു മനസ്സിലാക്കിക്കൊള്ളൂ. മാധവന്നു് ഭാര്യ വേറെയുണ്ടു്. ഞങ്ങൾ മാധവനെ ഇപ്പോൾ പോയി കണ്ടതിന്നുപുറമെ അവന്റെ ഭാര്യയെയും കണ്ടു പരിചയപ്പെട്ടു. ഞങ്ങൾക്കു മാധവന്റെ വിവാഹത്തെപ്പറ്റി മുമ്പെക്കൂട്ടിതന്നെ അറിയാമായിരുന്നു. ഞങ്ങൾ ആ പെണ്ണു് പഠിക്കുന്ന സ്കൂളിൽ പോയി ഹെഡ് മിസ്ട്രസ്സിനെ കണ്ടു സംഗതികളെല്ലാം ചോദിച്ചറിഞ്ഞിരുന്നു.

കുറുപ്പ്: മാധവന്നു് വേറെ ഭാര്യയുണ്ടെങ്കിൽ പിന്നെ മാലതിയെ എങ്ങിനെയാണു് അവൻ വിവാഹം ചെയ്യുന്നതു്? മാലതിയുടെ വിവാഹം നടക്കാൻ നിവൃത്തിയില്ലെങ്കിൽ നമ്മൾ രണ്ടാമത്തെ ക്ഷണനവും അയച്ചു കഴിഞ്ഞിരിക്കെ നാം എങ്ങിനെയാണു് ആളുകളുടെ മുഖത്തു നോക്കുന്നതു്?

രാമകൃഷ്ണൻ: അതിന്നെല്ലാം നിവൃത്തിയുണ്ടു്. രണ്ടാമതു് നിശ്ചയിച്ച ദിവസം തന്നെ നമുക്കു നടത്താം. മാധവന്നു് പകരം വേറെ ഒരാളു് വേണമെന്നെ ഉള്ളൂ.

കുറുപ്പ്: നീ പറയുന്നതു കേട്ടാൽ വിവാഹകാര്യങ്ങളെല്ലാം വല്ല കൂലിപ്പണിപോലെയാണെന്നു് തോന്നും. കൂലിപ്പണിക്കു രാമനെ കിട്ടിയില്ലെങ്കിൽ കോമനെ ഏല്പിക്കാമല്ലൊ. മാധവന്നു പകരം വേറൊരാളെക്കൊണ്ടു നടത്താമെന്നു വെക്കുകയാണെങ്കിൽ കൂടി ആരാണു് അതിന്നുള്ളതു്. ഉണ്ടെങ്കിൽ തന്നെ, മാലതി അതിന്നു അനുകൂലിക്കുമെന്നെങ്ങിനെയാണു് വിശ്വസിക്കുക.

രാമകൃഷ്ണൻ: (കുമാരനെ നോക്കിക്കൊണ്ടു്) മാലതിയുടെ ആനുകൂല്യത്തിന്നു ഇത്രയൊക്കെ വിലവെക്കാനാണു് പോകുന്നതെങ്കിൽ നാട്ടുകാരുടെ മുമ്പിൽ തലനീർത്തി നടക്കാൻ സാധിക്കയില്ല. പോരെങ്കിൽ സദ്യക്കു് വട്ടംകൂട്ടിയതെല്ലാം എന്താണു് ചെയ്യാൻ പോകുന്നതു്. അച്ഛൻ ഒന്നോർക്കണം; പെണ്ണുങ്ങളുടെ അഭിപ്രായം ഒരു കാര്യത്തിലും സ്വീകാര്യമല്ല. പ്രത്യേകിച്ചു്, അവരുടെ പ്രേമകാര്യത്തെ സംബന്ധിക്കുന്ന ഒരു കാര്യമാണെങ്കിൽ ലോകത്തിനെ മുഴുവൻ മെരട്ടുവാനുള്ള പ്രാപ്തി അവർക്കുണ്ടുതാനും. മാലതിക്കു് മാധവനോടുള്ള അന്ധവിശ്വാസത്തിലും അധികമായി എന്നെ പരിഭ്രമിപ്പിക്കുന്നതു് അച്ഛന്റെ സമ്പ്രദായങ്ങളാണു്. യഥാർത്ഥത്തിൽ അച്ഛനാണു് മകളെ ഇത്ര ചീത്തയാക്കിയതു്. ഏതായാലും, മാലതിയോടുകൂടി ഒന്നു് നേരിട്ടു ചോദിച്ചുകളയാം. അവളുടെ അന്ധവിശ്വാസത്തിന്നു വ്യത്യാസം വരാത്തപക്ഷം എനിക്കു എന്റെ പാടുനോക്കി വല്ല ദിക്കിലേക്കും കടന്നുപോകാൻ ആരുടെയും സമ്മതം നോക്കേണ്ടല്ലൊ. (മാലതീ, മാലതീ എന്നുവിളിച്ചു രാമകൃഷ്ണൻ മുകളിലോട്ടു കയറിച്ചെല്ലുമ്പോഴേക്കും മാലതി താഴത്തേക്കിറങ്ങിവന്നു).

മാലതി: എന്തിന്നെ ജ്യേഷ്ഠൻ എന്നെ വിളിച്ചതു്?


രാമകൃഷ്ണൻ: മാധവൻ സംബന്ധം കഴിഞ്ഞു് ഭാര്യയോടുകൂടി സുഖമായിരുന്നു ഒളോർമാങ്ങ പൂണ്ടുതിന്നുന്നതു ഞാൻ കണ്ടു. മാലതി ഇനിയും മാധവൻ വിവാഹം ചെയ്യുമെന്നു് വിശ്വസിച്ചുകൊണ്ടു തന്നെയാണൊ ഇരിക്കുന്നതു്.

മാലതി: മാധവൻ വേറെ വിവാഹം ചെയ്തുവെന്നു് എന്നോടു നേരിട്ടു സമ്മതിക്കുന്നതുവരെ ഞാൻ ഈവക കഥകളൊന്നും വിശ്വസിക്കാൻ ഭാവമില്ല.

രാമകൃഷ്ണൻ: തറവാട്ടിലെ പുരുഷന്മാർക്ക് നാലാളുടെ സഭയിൽ ചെല്ലാൻ നിവൃത്തിയില്ലാതാക്കുന്ന ഒരു നടവടിക്കാരിയാണു് നീ. നിന്റെ സകല ദുർഗ്ഗുണങ്ങൾക്കും അച്ഛൻ വളമയും തരുന്നുണ്ടു്.

മാലതി: മാധവൻ എന്നെ വിവാഹം ചെയ്യുന്ന കാര്യം വേണമെന്നൊ വേണ്ടെന്നൊ വെക്കുവാനുള്ള പൂർണ്ണാധികാരം ജ്യേഷ്ഠനുണ്ടു്. അക്കാര്യം ഇഷ്ടംപോലെ നിശ്ചയിച്ചുകൊള്ളൂ. പക്ഷെ, എനിക്കുള്ള ചില ദൃഢവിശ്വാസങ്ങളെ മാറ്റുവാൻ ജ്യേഷ്ഠന്നു് യാതൊരു സ്വാതന്ത്ര്യവുമില്ല; എന്നു പറഞ്ഞപ്പോഴേക്കും മാലതിക്കു വിയർത്തു തല ചുറ്റി, ബോധംകെട്ടു് നിലം പതിച്ചു.

കുറുപ്പ് പെട്ടെന്നു അവളുടെ അടുക്കെ ചെന്നിരുന്നു സാന്ത്വനവാക്കുകൾ പറവാൻ തുടങ്ങി. കുറെ പച്ചവെള്ളം എടുത്തു മുഖത്തു തളിച്ചു. കുമാരൻ ഒരു വിശറിയെടുത്തു അവളെ വീശുവാനും തുടങ്ങി. രാമകൃഷ്ണന്റെ ഗൌരവത്തിന്നു യാതൊരു കുറവും വന്നില്ല.



ജനറൽ ഡ്യൂലിററിൽ



ജനറൽ സ്റ്റേററ്സ്

രാമകൃഷ്ണൻ : അച്ഛൻ പിന്നേയും മാലതിക്ക് അനാവശ്യമായ വിശ്വാസം വരുത്തുകയാണ്. യഥാർത്ഥ സംഗതികൾ മനസ്സിലാകുമ്പോൾ അല്പം ചില ക്ലേശങ്ങൾ തല്ക്കാലം ഉണ്ടാകാമെങ്കിലും പിന്നീടതു ഗുണപ്രദമാവുകയെ ഉള്ളൂ. എന്നാൽ അച്ഛന്റെ ശ്രമം ഇപ്പോഴും അതിന്നല്ല.

കുറുപ്പ് : മാലതിയുടെ വിവാഹകാര്യം ഞാൻ ഉറച്ചുകൊള്ളാം. നിങ്ങക്ക വേറെ വല്ല ജോലിയുമുണ്ടെങ്കിൽ അതിന്നു പോയ്ക്കോ.

രാമകൃഷ്ണൻ : അതുതന്നെയാണ് ഞാനിപ്പോൾ തീർച്ചയാക്കിയതു്. നിങ്ങളുടെ രണ്ടാളുടെ ഇഷ്ടംപോലെ എന്തെങ്കിലും ചെയ്തുകൊൾവിൻ.

രാമകൃഷ്ണൻ ഉടനെ പെട്ടിയും സാമാനങ്ങളും കെട്ടിപുറപ്പെട്ടു. കുമാരനും രാമകൃഷ്ണന്റെ ഒന്നിച്ചു പടിയിറങ്ങി. ഒരുമണിക്കൂർ നേരം ബോധക്ഷയത്തിൽ കിടന്നതിന്നുശേഷം മാലതി കണ്ണ്മിഴിച്ചു. അവൾക്കു അതിഗംഭീരമായ പനി. കുറുപ്പ് അവളെ താങ്ങിക്കൊണ്ടു അവളുടെ അറയിൽ കൊണ്ടുകിടത്തി. രണ്ടാഴ്ച പനിപിടിച്ചു കിടന്നു. മാലതിയുടെ പനിമാറിയതോടുകൂടി കോഴിക്കോടു വിട്ടു വല്ല സുഖവാസസ്ഥലത്തും പോയി അച്ഛനും മകളുംകൂടി താമസിക്കേണമെന്നുള്ള നിശ്ചയമായി.

XIV

രണ്ടാമതൊരു പ്രാവശ്യം രാമകൃഷ്ണനും കുമാരനും കൂടി വന്നു കാണുന്നതിന്നുമുമ്പ് കോഴിക്കോട്ടു വിട്ടുകളയാമെന്ന് മാധവൻ ഉറച്ച് രാധയോടുകൂടി പിറേറന്ന് രാത്രി വണ്ടിക്ക് തന്നെ നാട്ടിലേക്ക് പോകാമെന്നുറച്ചു. കോഴിക്കോട്ടു റെയിൽവെ സ്റ്റേഷനിൽ വന്ന് രണ്ടാം ക്ലാസ്സ് ടിക്കററു വാങ്ങി തിരൂർക്കു പുറപ്പെട്ടു. വണ്ടി പുറപ്പെടുന്നതിന്ന് അല്പം മുമ്പ് കുമാരൻ ഓടിവന്ന് വണ്ടിയിൽ കയറുന്നതു് മാധവൻ കണ്ടുവെങ്കിലും അതിനെപ്പററി യാതൊന്നും രാധയോടു പ്രസ്താവിച്ചില്ല. മനസ്സിൽ പലേ ദുശ്ശങ്കകളും ആവിർഭവിച്ചുവെന്നെയുള്ളൂ.

രാധ : നോക്കു, ഇന്നലെ നമ്മുടെ വീട്ടിൽ വന്ന് ലഹളകൂട്ടിയ ഒരാളതാ വണ്ടിയിൽ കയറുന്നു. എന്താ ആയാളുടെ പേര്.

മാധവൻ : രാധയെന്തൊക്കെയാണ് സ്വപ്നം കാണുന്നതു്. ഞാൻ ആരേയും കണ്ടില്ല. എന്തിനാണ് ഇങ്ങിനെ ഉറക്കം ഒഴിച്ചിരിക്കുന്നതു്. കിടന്നുറങ്ങിക്കോളൂ. തിരൂരിൽ എത്തിയാൽ ഞാൻ വിളിക്കാം.

തിരൂരിൽചെന്ന് വണ്ടിയിറങ്ങുമ്പോൾ തീർച്ചയായും കുമാരനും അവിടെ ഇറങ്ങുമെന്ന് മാധവൻ നിശ്ചയിച്ചു. കുമാരന്റെ പ്ലാൻ തെററിക്കേണമെന്നു മാധവനും തീർച്ചപ്പെടുത്തി. ഉദ്ദേശിച്ചപോലെ തന്നെ തിരൂരിൽ മാധവനും രാധയും ഇറങ്ങുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടു് കുമാരൻ കാത്തുനിന്നിരുന്നു. എന്നാൽ പ്ലാററ്ഫാറത്തിന്റെ ഒരു തലക്കൽ വണ്ടിയിറങ്ങി കൂലിക്കാരെക്കൊണ്ടു് സാമാനങ്ങൾ എടുപ്പിച്ച് നേരെ തിരൂർ തോണിക്കടവിലേക്കാണ് മാധവൻ രാധയോടൊന്നിച്ച് പോയതു്. കുമാരൻ ഇത്ര കരുതിയിരുന്നില്ല. മാധവൻ വേഗം ചെന്ന് പൊന്നാനിക്ക് ഒരു വഞ്ചി കരാറുചെയ്ത് രാധയോടൊന്നിച്ചു അതിൽ കയറി യാത്രയായി. കുമാരൻ പ്ലാററ്ഫാറം മുഴവൻ തിരഞ്ഞു. ആരെ കാണാനാണ്? തന്റെ ഉദ്ദേശമെല്ലാം നിഷ്ഫലമായിയെന്നുറച്ച് അവിടെവെച്ച് മാററമുള്ള വണ്ടിയിൽ കയറി കുമാരൻ കോഴിക്കോട്ടേക്കുതന്നെ മടങ്ങി. മാധവനേയും രാധയേയും കണ്ടെത്തുവാൻ സാധിച്ചില്ലെന്ന് രാമകൃഷ്ണനെ അറിയിക്കുകയും ചെയ്തു.

പിറേറന്നു രാവിലെ പൊന്നാനി ചെന്ന് ഉടനെത്തന്നെ മാധവൻ വേറൊരു വഞ്ചി നേരിട്ടു കൊച്ചിക്ക് കരാറാക്കി രാധയോടൊന്നിച്ചു പുറപ്പെട്ടു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.